ഉത്തരം

(എ) 1000 ഓവർസീയർ തസ്തികകൾ തദ്ദേശ സ്വയംഭരണ വകുപ്പിലേക്ക് പുനർവിന്യസിച്ചിട്ടുണ്ട്. ഇതിന്റെ ഗ്രേഡ് തിരിച്ചുള്ള കണക്ക് താഴെപ്പറയും വിധമാണ്:

ഓവർസീയർ ഗ്രേഡ്—1	. .	250
ഓവർസീയർ ഗ്രേഡ്—2	. .	250
ഓവർസീയർ ഗ്രേഡ്—3	. .	500

(ബി) മൂന്നു വർഷത്തേക്ക്

(സി) കാലാവധി മൂന്നുവർഷം പൂർത്തിയാകുന്ന മുറയ്ക്കോ അല്ലെങ്കിൽ പ്രമോഷൻ ലഭിക്കുന്ന മുറയ്ക്കോ ഏതാണോ ആദ്യം ആ മുറയ്ക്ക് ജലവിഭവ വകുപ്പിലേക്ക് തിരികെ വരാവുന്നതാണ്.

വാട്ടർ അതോറിറ്റിയിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ നിയമനം

60 [3647] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ ഉണ്ടോ; എങ്കിൽ എത്ര;

(ബി) അസി. എഞ്ചിനീയർ തസ്തികയിലേക്ക് 1-ാം ഗ്രേഡിൽ നിന്നും ഉദ്യോഗക്കയറ്റം നൽകുന്നത് എന്ത് അനുപാതത്തിലാണെന്ന് വിശദമാക്കാമോ;

(സി) നിലവിൽ 1-ാം ഗ്രേഡിന്റെ സീനിയോറിറ്റി ലിസ്റ്റിൽ എത്രവരെയുള്ള വർക്ക് അസി. എഞ്ചിനീയർമാരായി പ്രമോഷൻ നൽകി എന്ന് വ്യക്തമാക്കാമോ;

(ഡി) ലിസ്റ്റിന് എന്തെങ്കിലും തരത്തിലുള്ള നിരോധനമുണ്ടോ എന്ന് വിശദമാക്കാമോ;

(ഇ) അസി. എഞ്ചിനീയർമാരുടെ ഒഴിവിലേക്ക് നിലവിലുള്ള ലിസ്റ്റിൽനിന്നും പ്രമോഷൻ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) എങ്കിൽ എപ്പോൾ നടപ്പിലാക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 48

(ബി) 3:1 (ഡിപ്ലോമ: സർട്ടിഫിക്കറ്റ്) അനുപാതത്തിലാണ് അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്ക് 1-ാം ഗ്രേഡിൽനിന്നും ഉദ്യോഗക്കയറ്റം നൽകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നിലവിൽ 1-ാം ഗ്രേഡിന്റെ സീനിയോരിറ്റി ലിസ്റ്റിൽ ക്രമനമ്പർ 568 വരെയുള്ളവർക്ക് അസി. എഞ്ചിനീയർമാരായി പ്രമോഷൻ നൽകിയിട്ടുണ്ട്.

(ഡി) നിരോധനമില്ല.

(ഇ) ഉണ്ട്.

(എഫ്) ബഹു. ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം സീനിയോരിറ്റി ലിസ്റ്റ് പുനർനിർണ്ണയം ചെയ്തതിനുശേഷം പ്രമോഷൻ നൽകാവുന്നതാണ്.

ജല അതോറിറ്റിയിലെ എൻ.എം.ആർ. ജീവനക്കാരെ സ്ഥിരപ്പെടുത്താൻ. നടപടി

61 [3648] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിയിൽ എത്ര എൻ.എം.ആർ. ജീവനക്കാർ ജോലി ചെയ്യുന്നു എന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ 10 വർഷത്തിനുമേൽ സർവ്വീസുള്ളവരും 15 വർഷത്തിനു മേൽ സർവ്വീസുള്ളവരും അഞ്ചുവർഷത്തിനുമേൽ സർവ്വീസുള്ളവരും എത്രയെന്ന് വ്യക്തമാക്കുമോ;

(സി) എൻ.എം.ആർ. ജീവനക്കാരെ സ്ഥിരപ്പെടുത്താൻ അതോറിറ്റി തീരുമാനമെടുത്തിട്ടുണ്ടോ;

(ഡി) എങ്കിൽ എത്രപേരെ സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്താമോ;

(ഇ) തീരുമാനം നടപ്പാക്കാനുള്ള കാലതാമസം എന്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ജല അതോറിറ്റിയിൽ 358 എൻ.എം.ആർ. ജീവനക്കാർ ജോലി ചെയ്യുന്നു.

(ബി) അഞ്ചുവർഷത്തിനുമേൽ സർവ്വീസുള്ളവർ 358. ഇതിൽ 188 പേർ 15 വർഷത്തിനുമേൽ സർവ്വീസുള്ളവരും 170 പേർ 10 വർഷത്തിനുമേൽ 15 വർഷത്തിനകം സർവ്വീസ് ഉള്ളവരുമാണ്.

(സി—ഇ) എൻ.എം.ആർ. ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന കാര്യം വിശദമായി പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly